ഉത്തരം

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ ആവശ്യത്തിൽ കൂടുതൽ സാധനങ്ങൾ വാങ്ങി സ്റ്റോറിൽ സൂക്ഷിക്കാറില്ല. കമ്പനിയിലെ വിവിധ ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിക്കുന്ന ഓർഡർ അനുസരിച്ചാണ് സാധനങ്ങൾ വാങ്ങുന്നത്. കാലാകാലങ്ങളിൽ ഉപയോഗശൂന്യമായ സാധനങ്ങൾ (ഉപയോഗയോഗ്യമല്ല എന്ന് സാക്ഷ്യപ്പെടുത്തിയവ) മാത്രമാണ് ലേലത്തിൽ വിൽക്കുന്നത്.

(ബി)&(സി) ബാധകമല്ല.

ടി.ടി.പി.യിലെ ലേബർ യൂണിയൻ നൽകിയ പരാതിയിൻമേൽ നടത്തിയ അന്വേഷണം

17 (3089) ശ്രീ. ജോർജ് ജെ. മാത്യൂ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 ജൂൺ മുതൽ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് കമ്പനിക്കുവേണ്ടി നടത്തിയിട്ടുള്ള വിവിധ പർച്ചേസുകളിൽ നടന്നിട്ടുള്ള ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് ലേബർ യൂണിയൻ നൽകിയ പരാതിയിന്മേൽ കമ്പനിയിലെ വിജിലൻസ് ഓഫീസർ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) ഈ റിപ്പോർട്ടിന്റെ കോപ്പി വിവിധ യൂണിയനുകൾക്ക് ലഭ്യമാക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു പർച്ചേസ് മാന്വൽ ഉണ്ടാക്കിയിട്ടുണ്ട്.

(സി) അങ്ങനെ ഒരാവശ്യം ഉയർന്നിട്ടില്ല.

അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ

18 (3091) ശ്രീ. കെ. ബാബു :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ വ്യവസായം അടച്ചു പൂട്ടുകയുണ്ടായി;

(ബി) ഇവ അടച്ചുപൂട്ടുന്നതിനുള്ള കാരണം എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly